"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - പത്തനംതിട്ട ജില്ലയിലെ പുതിയ സർക്കാർ നേഴ്സിംഗ് കോളേജ് താൽക്കാലികമായി കണ്ടെത്തിയിട്ടുള്ള കെട്ടിടത്തിൽ ആരംഭിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ(സി) വകുപ്പ്**

സ.ഉ.(സാധാ) നം.2797/2023/H&FWD തീയതി,തിരുവനന്തപുരം, 26-10-2023

---

പരാമർശം:- 1. സ.ഉ. (അച്ചടി) നം. 102/2017/ധന 07.08.2017

2 സ.ഉ. (കൈ) നം. 1/2022/പൊ.മ.വ തീയതി 10.01.2022

3 സ.ഉ. (കൈ) നം. 190/2023/ആ.കു.വ. തീയതി 05.08.2023

4 സ.ഉ. (കൈ) നം. 198/2023/ആ.കു.വ. തീയതി 12.08.2023

5 മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 20.10.2023 തീയതിയിലെ എൽസി3/2408/2023/മെവിവ(1) നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം പത്തനംതിട്ട ജില്ലയിൽ പുതുതായി ആരംഭിക്കുന്ന സർക്കാർ നഴ്സിംഗ് കോളേജ് താൽക്കാലികമായി പ്രവർത്തിക്കുന്നതിന് കോഴഞ്ചേരി താലൂക്കിൽ, പത്തനംതിട്ട വില്ലേജിൽ, പത്തനംതിട്ട മുനിസിപ്പാലിറ്റിയിൽ, പത്തനംതിട്ട ടൗണിൽ ശ്രീ Descartes T Mathew -ന്റെ ഉടമസ്ഥതയിൽ ഉള്ള XXIX/752 & 753 നമ്പർ കെട്ടിടം പരാമർശം (2) സർക്കാർ ഉത്തരവിലെ അഞ്ചാമത് ഖണ്ഡികയിലെ വ്യവസ്ഥയനുസരിച്ച് പ്രതിമാസം 49,900/- രൂപ വാടകയിനത്തിൽ ഒരു വർഷത്തേയ്ക്ക് വാടകയ്ക്ക് എടുക്കുന്നതിനും, 99,800/- രൂപ അഡ്വാൻസ് ഇനത്തിലും ശ്രീ Descartes T Mathew-ന് നൽകുന്നതിനും സർക്കാർ അനുമതി നൽകണമെന്ന് പരാമർശം (5) പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു. ഒരു വർഷത്തേയ്ക്ക് അഡ്വാൻസ് ആയി വാങ്ങുന്ന 99,800/-രൂപ അവസാനത്തെ രണ്ടു മാസത്തെ വാടകത്തുകയിൽ തട്ടിക്കിഴിക്കാമെന്ന് കെട്ടിട ഉടമസ്ഥൻ സമ്മതിച്ചിട്ടുണ്ടെന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. വാടകയിനത്തിൽ നൽകേണ്ട തുക കേരള നേഴ്സസ് ആൻഡ് മിഡ്വൈവ്സ് കൗൺസിലിൽ നിന്നും പരാമർശം (4) പ്രകാരം അനുവദിച്ചിട്ടുള്ള ഫണ്ടിൽ നിന്നുമാണ് കണ്ടെത്തുന്നത്.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ, പത്തനംതിട്ട ജില്ലയിൽ പുതുതായി ആരംഭിക്കുന്ന സർക്കാർ നഴ്സിംഗ് കോളേജിന്റെ പ്രവർത്തനത്തിന് കണ്ടെത്തിയിരിക്കുന്ന പത്തനംതിട്ട മുനിസിപ്പാലിറ്റിയിൽ ശ്രീ Descartes T Mathew -ന്റെ ഉടമസ്ഥതയിൽ ഉള്ള XXIX/752 & 753 നമ്പർ കെട്ടിടം പ്രതിമാസ വാടക 49,900/- രൂപയ്ക്ക് ഒരു വർഷത്തേയ്ക്ക് വാടകയ്ക്കെടുക്കുന്നതിനും 99,800/- രൂപ അഡ്വാൻസ്

ഇനത്തിൽ നൽകുന്നതിനും പരാമർശം (2) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള നേഴ്സസ് ആൻഡ് മിഡൈ്വവ്സ് കൗൺസിൽ, തിരുവനന്തപുരം.
രജിസ്ട്രാർ, ആരോഗ്യ ശാസ്ത്ര സർവ്വകലാശാല, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Prijith G.
Date: 26-10-2023 15:27:32
സെക്ഷൻ ഓഫീസർ

പകർപ്പ് ബഹു. ആരോഗ്യ വനിതാ ശിശുക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയുടെ അറിവിനായി നൽകുന്നു.